പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3571 08.11.2019-ലെ മറുപടിക്ക്

## സൂപ്പർ ക്ലാസ്സ് ബസ്സുകളുടെ പെർമിറ്റ്

ചോദ്യം

ശ്രീ.സണ്ണി ജോസഫ്

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സൂപ്പർ ക്ലാസ് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ എത്ര ബസ്സുകളുടെ പെർമിറ്റ് കാലാവധി 6 മാസത്തിനുള്ളിൽ അവസാനിക്കും; | (എ) | 2020 ഏപ്രിൽ 30 -ഓട് കൂടി 150 ബസ്സുകളുടെ 7 വർഷ കാലാവധി പൂർത്തിയാകുന്നതാണ്. |
| (ബി) | ഇവയുടെ കാലാവധി അവസാനിക്കുന്നതിന് അനുസരിച്ച് പുതിയ ബസ്സുകൾ സൂപ്പർ ക്ലാസ്സ് സർവ്വീസ് നടത്തുന്നതിനായി നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 25 എ.സി. ബസുകൾ വെറ്റ് ലീസ്സ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | സൂപ്പർ ക്ലാസ് സർവ്വീസ് നടത്തുന്ന ബസ്സുകളുടെ പെർമിറ്റ് കാലാവധി വർദ്ധിപ്പിക്കണമെന്ന് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്താണ് എന്ന് വെളിപ്പെടുത്തുമോ ? | (സി) | ആവശ്യപ്പെട്ടിട്ടുണ്ട്.<br>അന്യസംസ്ഥാനങ്ങളിൽ സൂപ്പർ ക്ലാസ് സ്റ്റേജ് കാരേജുകൾക്ക് ഇത്തരത്തിൽ കുറഞ്ഞ കാലപരിധി നിശ്ചയിച്ചിട്ടില്ല. കൂടാതെ കോർപ്പറേഷന് ലഭ്യമായിട്ടുള്ള സൂപ്പർ ക്ലാസ് ബസുകൾ സാങ്കേതികമായി മുന്നിട്ട് നിൽക്കുന്നതും താരതമ്യേന വിലകൂടിയതും, കൂടുതൽ കാലം ഉപയോഗപ്പെടുത്താൻ കഴിയുന്നവയുമാകയാലാണ് ടി വാഹനങ്ങളുടെ കാലപരിധി വർദ്ധിപ്പിക്കണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ